


# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-2026

***One Team - One Aim***

# സെന്റ് ആന്റണീസ് ഹൈസ്കൂൾ

കോക്കമംഗലം, കൊക്കോതമംഗലം പി.ഒ., ചേർത്തല
ഫോൺ : 9895038397, 8089220215

# ONE TEAM ONE DREAM

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025 – 26

# ONE TEAM ONE DREAM

ഒന്നെന്നെങ്ങനെയെഴുതാം
ഒന്നെന്നിങ്ങനെങ്ങനെയഴുതാം

വളവും വേണ്ട
തിരിവും വേണ്ട
ചരിവും വേണ്ട
കുനിവും വേണ്ട
കുത്തനെയൊരു വര
കുറിയ വര

ഒന്നായ്
നന്നായ്
ഒന്നായ് നിന്നാൽ നന്നായ്
നന്നായ് വന്നാലൊന്നായ്

നന്നായാലൊന്നായി
ഒന്നായാൽ നന്നായി

-കുഞ്ഞുണ്ണി മാഷ്

## അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | സെന്റ് ആന്റണീസ് എച്ച്.എസ്<br>കോക്കമംഗലം |
| 2. | വിലാസം | : | കൊക്കോതമംഗലം പി.ഒ.<br>ചേർത്തല<br>പിൻ - 688 527, ആലപ്പുഴ |
| 3. | പ്രധാനാദ്ധ്യാപകൻ | : | കുര്യാക്കോസ് ആന്റണി |
| 40 | ഫോൺ നമ്പർ | : | 9895038397<br>8089220215 |
| 5. | വിദ്യാഭ്യാസ ഉപജില്ല | : | ചേർത്തല |
| 6. | വിദ്യാഭ്യാസ ജില്ല | : | ചേർത്തല |
| 7. | റവന്യൂ ജില്ല | : | ആലപ്പുഴ |
| 8. | ബി.ആർ.സി. | : | ചേർത്തല |
| 9. | സി.ആർ.സി. | : | ചേർത്തല |
| 10. | ഗ്രാമപഞ്ചായത്ത് | : | തണ്ണീർമുക്കം |
| 11. | ബ്ലോക്ക് പഞ്ചായത്ത് | : | കഞ്ഞിക്കുഴി |
| 12. | ജില്ലാപഞ്ചായത്ത് | : | ആലപ്പുഴ |
| 13. | നിയമസഭാമണ്ഡലം | : | ചേർത്തല |
| 14. | ലോകസഭാമണ്ഡലം | : | ആലപ്പുഴ |
| 15. | താലൂക്ക് | : | ചേർത്തല |
| 16. | വില്ലേജ് | : | കൊക്കോതമംഗലം |
| 17. | ഇ-മെയിൽ | : | 34042alappuzha@gmail.com |
| 18. | എം.എൽ.എ. | : | പി. പ്രസാദ് |
| 19. | എം.പി. | : | കെ.സി. വേണുഗോപാൽ |
| 20. | കോർപ്പറേറ്റ് മാനേജർ | : | റവ. ഫാ. തോമസ് നങ്ങേലിമാലിൽ |
| 21. | മാനേജർ | : | റവ. ഫാ. ആന്റണി ഇരവിമംഗലം |

## 2. ആമുഖം

എറണാകുളം-അങ്കമാലി അതിരൂപതാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ആന്റണീസ് ഹൈസ്ക്കൂളിൽ എൽ. കെ. ജി മുതൽ 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ പഠിക്കുന്നു. 103 വയസിലേക്ക് പ്രവേശിക്കുന്ന ഈ വിദ്യാലയം കൊക്കോതമംഗലം ഗ്രാമത്തിലെ നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷരവെളിച്ചം പകർന്ന്, വ്യക്തിത്വമുള്ള പൗരന്മാരാക്കി അവരെ വളർത്തുന്നു. എഡി 52-ൽ സെന്റ് തോമസ് കേരളത്തിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ പാദ സ്പർശമേറ്റ ഗ്രാമം എന്ന നിലയിൽ, ചരിത്രത്തിലും ഈ ഗ്രാമം ഇടംപിടിച്ചിരിക്കുന്നു. കൊക്കോതമംഗലം സെന്റ് തോമസ് പള്ളിയുടെ കീഴിൽ, റവ. ഫാ ആന്റണി ഇരവിമംഗലം മാനേജരായി സ്ക്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നു. കോർപ്പറേറ്റ് മാനേജരുടെ നിർദ്ദേശാനുസരണം, സ്കൂൾ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതും റവ. ഫാ. ആന്റണി ഇരവിമംഗലം ആണ്.

## 3. ചരിത്രം

നവോത്ഥാനത്തിന്റെ നാൾവഴികളിൽ ദീർഘവീക്ഷണത്തോടെ സ്ഥാപിതമായ കോക്കമംഗലം സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ 102 വർഷം പൂർത്തിയാക്കിയിരിക്കുന്നു. പ്രത്യക്ഷത്തിലും പരോക്ഷത്തിലും പ്രകാശത്തിന്റെ സുവർണ്ണ ശോഭ പരത്തുന്ന സെന്റ് ആന്റണീസ് പള്ളിക്കൂടം 1923 ൽ ഇടവകാംഗങ്ങളുടെ അക്ഷീണ പരിശ്രമത്തിന്റെ നേർക്കാഴ്ചയാണ്. 1923 ൽ എൽ പി സ്കൂളായി പ്രവർത്തനമാരംഭിച്ചപ്പോൾ റവ. ഫാ ജോസഫ് പഞ്ഞിക്കാരനായിരുന്നു മാനേജർ. 1964 ൽ യു.പി സ്കൂളായും പിന്നീട് 1979 ൽ ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടു. ഹൈസ്ക്കൂൾ തലത്തിലേയ്ക്ക് ഉയർത്തിയ വിദ്യാലയത്തിന്റെ ഉദ്ഘാടനം അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ നിർവ്വഹിച്ചു. 1982 ൽ സ്ക്കൂളിലെ ആദ്യ എസ്. എസ്. എൽ. സി ബാച്ച് ആലപ്പുഴ ജില്ലയിൽ വിജയശതമാനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഹൈസ്ക്കൂളായി ഉയർത്തിയ വിദ്യാലയത്തിന്റെ മാനേജർ റവ. ഫാ. എബ്രഹാം പൂച്ചക്കാട്ട് ആയിരുന്നു. ഹെഡ്മാസ്റ്ററായിരുന്ന സി. സി ജോസഫിന്റെയും അധ്യാപകരുടേയും അനധ്യാപകരുടേയും ഇടവക ജനങ്ങളുടെയും നാട്ടുകാരുടെയുമൊക്കെ ശ്രമഫലമായി സ്കൂൾ മുന്നോട്ടുകുതിച്ചു. 1974 ൽ സ്കൂളിന്റെ സുവർണ്ണജൂബിലി അത്യാർഭാടപൂർവ്വം ആഘോഷിച്ചു.

2022-23 വർഷം ശതാബ്ദി ആഘോഷനിറവിൽ വിവിധ പരിപാടികൾ സ്കൂളിൽ നടത്തുകയുണ്ടായി. പൂർവ്വ വിദ്യാർത്ഥി സംഗമം, വിവിധകലാപരിപാടികൾ, വിദ്യാലയം മുഴുവൻ സോളാർവത്ക്കരണം തുടങ്ങിയവ നടത്തുകയുണ്ടായി. ശതാബ്ദി വർഷത്തിലെ നമ്മുടെ പ്രധാനനേട്ടം, ശതാബ്ദി സ്മാരക നേഴ്സറി സ്കൂൾ ആരംഭിക്കുവാൻ സാധിച്ചു എന്നതാണ്. എൽ. കെ.ജിയിൽ പഠനമാരംഭിക്കുന്ന കുട്ടിക്ക് 10-ാം ക്ലാസ്സ് വരെ ഒരേ കോമ്പൗണ്ടിൽ പഠിച്ചിറങ്ങുവാൻ സാധിക്കുന്നു. എൽ. കെ. ജി മുതൽ ഹൈസ്ക്കൂൾ തലം വരെ ഡിജിറ്റൽ ക്ലാസ്സ് മുറികൾ ഒരുക്കിയിരിക്കുന്നു. കഴിഞ്ഞ 11 വർഷമായി 10-ാം ക്ലാസിൽ 100% വിജയവും നിരവധി കുട്ടികൾക്ക് എ+ നേടുവാനും സാധിച്ചിട്ടുണ്ട്. പാഠ്യപാഠ്യേതര വിഷയങ്ങളിൽ നമ്മുടെ കുട്ടികൾ മുന്നിൽ നിൽക്കുന്നു എന്നതുകൊണ്ടുതന്നെ തണ്ണീർമുക്കം പഞ്ചായത്തിലെ മികച്ച വിദ്യാലയമായി 2-ാം വർഷവും നാം തെരഞ്ഞെടുക്കപ്പെട്ടു. ശക്തമായ മാനേജ്മെന്റും പി. റ്റി. എ യും നാട്ടുകാരും ഇടവകാംഗങ്ങളും സ്കൂളിന് നൽകുന്ന സഹകരണം പിൻബലമേകുന്നു.

100 വർഷം പൂർത്തിയായ ഒരു വിദ്യാലയത്തിന്റെ ഓർമ്മകൾക്ക് സുഗന്ധമേറെയാണ്. നേർവഴിയുടേയും സാന്ത്വനത്തിന്റെയും സൗഹൃദത്തിന്റെയും കഥ പറയുവാനുള്ള സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ, ഗ്രാമത്തിലെന്നും പ്രകാശം പരത്തുന്നു.

**4. പ്രദേശവും പശ്ചാത്തലവും**

ചേർത്തല താലൂക്കിലെ ഒരു ഗ്രാമമായ കൊക്കോതമംഗലം വേമ്പനാട് കായലിന്റെ പടിഞ്ഞാറെ തീരത്ത് ചേർത്തലയ്ക്ക് 5 കി.മീ. കിഴക്കായി സ്ഥിതിചെയ്യുന്നു. എ.ഡി. 52 ൽ കേരളത്തിൽ എത്തിയ ക്രിസ്തു ശിഷ്യനായ വി. തോമാശ്ലീഹ ഈ ഗ്രാമത്തിൽ എത്തിയെന്നും പള്ളി സ്ഥാപിച്ചു എന്നുമാണ് ഐതിഹ്യം പറയുന്നത്.

വേമ്പനാട് കായലിന്റെ മനോഹര ദൃശ്യങ്ങളും തീരത്തെ തെങ്ങിൻ തോപ്പുകളും എല്ലാം വിനോദ സഞ്ചാരികളെ ഇങ്ങോട്ട് ആകർഷിക്കുന്നു. കായലിനോട് അടുത്തു കിടക്കുന്നതുകൊണ്ടുതന്നെ കക്കാ വാരുന്നവരും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്നവരും ഏറെയുണ്ട്. ചകിരി-കയർ വ്യവസായ രംഗത്തു പ്രവർത്തിക്കുന്നവരും തേങ്ങയിൽ നിന്ന് കൊപ്രാ എടുക്കുന്നവരും എല്ലാം കൊക്കോതമംഗലം ഗ്രാമത്തിലുണ്ട്. കൂലിപ്പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരാണ് ഏറെയുള്ളത്.

വളരെയേറെ അധ്വാനിച്ചു കഴിയുന്ന, തികച്ചും സാധാരണക്കാരായ ആളുകളുടെ മക്കൾ പഠിക്കുന്ന ഒരു വിദ്യാലയമാണിത്. നിത്യവൃത്തിക്കു കഷ്ടപ്പെടുന്നവരും ഈ പ്രദേശത്ത് ഏറെയുണ്ട്.

## 5. ഭൗതിക സാഹചര്യം

നേഴ്സറി മുതൽ 10-ാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിലായി 400 വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. നേഴ്സറി വിഭാഗത്തിൽ രണ്ടും എൽ.പി. വിഭാഗത്തിൽ നാലും യു.പി. വിഭാഗത്തിൽ 5 ക്ലാസ്സുകളും പ്രവർത്തിക്കുന്നുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ 6 ക്ലാസുകളാണുള്ളത്. പ്രധാനമായി 3 ബിൽഡിംഗുകളിലായാണ് സ്കൂൾ പ്രവർത്തിക്കുന്നത്. സ്കൂളിന് എതിർവശം Pre KER ബിൽഡിംഗിലാണ് 1923 ൽ സ്കൂൾ ആരംഭിച്ചത്. ഇന്നും അവിടെ കെട്ടിടമുണ്ടെങ്കിലും കാലപ്പഴക്കം മൂലം ഉപയോഗിക്കാനാകാത്ത സ്ഥിതിയിലാണ്. കോൺക്രീറ്റും ഓടും ഷീറ്റും എല്ലാം ഉൾപ്പെടുന്ന ബിൽഡിംഗുകളിലാണ് ക്ലാസ് നടത്തുന്നത്.

എൽ.കെ.ജി. മുതൽ 10-ാം ക്ലാസ്സുവരെ ഒറ്റ കോമ്പൗണ്ടിൽ പ്രവർത്തിക്കാൻ കഴിയുന്നു എന്നത് വളരെ സൗകര്യപ്രദവും സന്തോഷകരവുമാണ്. എല്ലാവരും ഒന്നു ചേർന്നുള്ള സ്കൂൾ അസംബ്ലി അത്യന്തം ആകർഷകമാണ്.

നേഴ്സറി വിഭാഗം വിദ്യാർത്ഥികൾക്ക് സന്തോഷകരമായ പഠനം ഉറപ്പാക്കുന്നതിനായി കിഡ്സ് പാർക്കും സ്കൂൾ കോമ്പൗണ്ടിൽ ഒരുക്കിയിട്ടുണ്ട്.

ലൈബ്രറി മുറി, കമ്പ്യൂട്ടർ ലാബ്, സ്കൂൾ സൊസൈറ്റി മുറി എന്നിങ്ങനെ പഠനാവശ്യത്തിനായി മുറികൾ പ്രത്യേകമായുണ്ട്. 25 സ്റ്റാഫ് അംഗങ്ങൾ ഉൾക്കൊള്ളുന്നതിനാൽ Gents & Ladies സ്റ്റാഫ് മുറികളും പ്രത്യേകമായി ക്രമീകരിച്ചിട്ടുണ്ട്.

സ്കൂളിന് എതിർവശം കുട്ടികൾക്ക് കളിക്കാനായി പ്രത്യേകമായി ഒരു പ്ലോട്ട് ചുറ്റുമതിൽ കെട്ടി സൂക്ഷിച്ചിട്ടുണ്ട്. സ്കൂൾ വാർഷികം പോലുള്ള പൊതുവായ പരിപാടികൾ നടത്താൻ വിപുലമായ സ്റ്റേജും സ്കൂളിനുണ്ട്. സ്കൂളിന്റെ ഇരുഭാഗങ്ങളിലുമായി കുട്ടികൾക്ക് കളിക്കാനുള്ള ഗ്രൗണ്ടും സ്കൂളിനുണ്ട്. മികച്ച പരിശീലനം നൽകി ഖൊ ഖൊയും ഫുട്ബോൾ കളിയും ഈ ഗ്രൗണ്ടിൽ നടക്കുന്നു.

സ്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ ഹെഡ്മാസ്റ്ററെ കൂടാതെ 4 Non Teaching സ്റ്റാഫും 24 അദ്ധ്യാപകരും സ്കൂളിൽ സേവനം ചെയ്യുന്നു. കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കാൻ സൗകര്യപ്രദമായ അടുക്കളയും പാചകത്തിനായി ഒരു പാചകത്തൊഴിലാളിയും സ്കൂളിലുണ്ട്.

## 6. ദർശനം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ, ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യ കരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠ നരീതികളും ഒരുക്കുന്നു.

## 7. സ്കൂൾ പി.ടി.എ., എം.പി.ടി.എ.

പി.ടി.എ. പ്രസിഡന്റായി ശ്രീ. ഒ.ബി. അനിൽകുമാറിനേയും, വൈസ് പ്രസി ഡന്റായി ശ്രീമതി സന്ധ്യാ രാജീവിനേയും കമ്മറ്റി അംഗങ്ങളായി ശ്രീ. ലിജോ വർഗ്ഗീസ്, ശ്രീമതി പ്രവീണ ആർ, ശ്രീമതി സോണി വി.എസ്., ശ്രീമതി മരിയ ജിജോ, ശ്രീമതി സുനി വി, ശ്രീ. വർക്കി പി.വി. എന്നിവരേയും എം.പി.റ്റി.എ. പ്രസിഡന്റായി ശ്രീമതി മഞ്ജുവിനേയും കമ്മറ്റി അംഗങ്ങളായി സോജാമോൾ, സുജിത സുനിൽരാജ്, ഇന്ദുലേഖ വി.എസ്, സിനിമോൾ എം.എസ്. എന്നിവരേയും തെരഞ്ഞെടുത്തു.

## 8. അക്കാദമിക പ്രവർത്തനങ്ങൾ

### ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്ത നങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ -കായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെ ടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്ര റി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ് തമാക്കുകയും പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളി യുപകരണങ്ങൾ, ഉദ്യാനം, മൈതാനം...) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപ യോഗപ്രദമാകുകയും ചെയ്യുന്നു.

- ഓരോ അദ്ധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളം വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലും അദ്ധ്യാപകരും അദ്ധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥികളും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

ലക്ഷ്യങ്ങളിൽ ഇവയും .........

**എ. സ്കൂൾ ബസ്**

സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഒരു സ്കൂൾ ബസ് എന്നത് ദീർഘകാലത്തെ ആഗ്രഹമാണ്. 20 കുട്ടികളെ എങ്കിലും ഒന്നിച്ചു കൊണ്ടുപോകാൻ കഴിയുന്ന ഒരു സ്കൂൾ ബസ് സ്കൂളിനു സ്വന്തമായി ഉണ്ടായിരുന്നെങ്കിൽ കുട്ടികൾക്ക് കുറച്ചുകൂടി സൗകര്യപ്രദമായി സ്കൂളിലെത്തുവാൻ കഴിയുമായിരുന്നു. യാത്രാ സൗകര്യക്കുറവുമൂലം സ്കൂളിൽ എത്താൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും ഒരു സഹായകമായിതീരുകയും ചെയ്യും. ഈ അദ്ധ്യയന വർഷം ആലപ്പുഴ എം.പി. ശ്രീ. കെ.സി വേണുപാലിന്റെ ശ്രമഫലമായി ഇതുസഫലമാകും എന്ന പ്രതീക്ഷയിലാണ് എല്ലാവരും.

**ബി. കിഡ്സ് പാർക്ക്**

പ്രൈമറി, നേഴ്സറി വിദ്യാർത്ഥികൾക്കായി സ്കൂൾ അങ്കണത്തിൽ തയ്യാറാക്കിയിട്ടുള്ള കിഡ്സ്പാർക്കിന് ഒരു റൂഫ് നിർമ്മിക്കുക എന്നതും അത്യാവശ്യമാണ്. വെയിലും മഴയും മൂലം കുട്ടികൾക്ക് പലപ്പോഴും പാർക്ക് ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പാർക്ക് ദീർഘനാൾ നിലനിൽക്കാനും റൂഫ് കൂടിയേ തീരൂ. അതും ഈ വർഷം സഫലമാകും എന്ന പ്രതീക്ഷയാണുള്ളത്.

**സി. ടർഫ്**

വിദ്യാർത്ഥികൾക്ക് ഫുട്ബോൾ കളിക്കുന്നതിന് ഒരു ടർഫും സ്കൂളിന് ആവശ്യമാണ്. ലഹരിയിൽ നിന്നും അകന്നു നിൽക്കാൻ പുതുതലമുറയോടൊപ്പം ഫുട്ബോൾ ഒരു ലഹരിയായി കൂടെയുണ്ട്. സ്കൂൾ ഗ്രൗണ്ടിൽ ഒരു ടർഫ് നിർമ്മിക്കാൻ കഴിഞ്ഞാൽ സ്പോർട്ട്സ്മാൻ സ്പിരിറ്റുള്ള നിരവധി കായികതാരങ്ങളെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിനു കഴിയും. പൂർവ്വ വിദ്യാർത്ഥികളുടേയും നല്ലവരായ നാട്ടുകാരുടേയും സഹകരണത്തോടെ ഇത് ഉടനെ സഫലീകരിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്.

**ഡി. മിനിഹാൾ നവീകരണം**

സ്കൂളിലെ മിനിഹാൾ ടൈൽ വിരിച്ച് ഗ്രിൽ സ്ഥാപിച്ച്, എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകൾ മിനിഹാളിലേക്ക് മാറ്റി കൂടുതൽ ആകർഷകമാക്കുക എന്നതും വരും നാളുകളിലെ വിദ്യാലയത്തിന്റെ സ്വപ്നങ്ങളിലൊന്നാണ്.

**ഇ. സെന്റ്. ആന്റണീസ് ഗ്രേറ്റ് അച്ചീവ്മെന്റ് (SAGA) പ്രോഗ്രാം**

എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയവും നിരവധി ഫുൾ എപ്ലസ്കളും നേടാൻ ആവിഷ്കരിച്ച പദ്ധതിയാണ് സെന്റ് ആന്റണീസ് ഗ്രേറ്റ് അച്ചീവ്മെന്റ് (SAGA) പ്രോഗ്രാം. രാവിലെ 9 മണി മുതൽ വൈകിട്ട് 5 വരെ ഇതുവഴി കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. നിരവധി റിവിഷൻ ടെസ്റ്റുകൾ നടത്തി, മികച്ച രീതിയിലുള്ള പരീക്ഷാ പരിശീലവവും കുട്ടികൾക്ക് നൽകിവരുന്നു. 2025-26 അദ്ധ്യയന വർഷം 51 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നു.

100% വിജയവും 25 കുട്ടികൾക്ക് എങ്കിലും എല്ലാവിഷയത്തിനും എ പ്ലസ് ഉറപ്പാക്കുക എന്നതും ഈ വർഷത്തെ SAGA യുടെ ലക്ഷ്യമാണ്.

**എഫ്. NMMS, LSS, USS**

വിവിധ സ്കോളർഷിപ്പ് പരീക്ഷകളിലും മത്സരങ്ങളിലും ഉജ്ജ്വല വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യവുമായി പ്രത്യേക പരിശീലന ക്ലാസുകളും നടന്നുവരുന്നു. ഉച്ചയ്ക്ക് 1.30 മുതൽ 2 മണി വരെയും അവധി ദിവസങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. മികച്ച പരിശീലനത്തിലൂടെ 25 കുട്ടികൾക്ക് എങ്കിലും സ്കോളർഷിപ്പ് ഉറപ്പാക്കുക എന്നത് ഇതിന്റെ ലക്ഷ്യമാണ്.

**ജി) ലിറ്റിൽ കൈറ്റ്സ്**

കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ അത്ഭുതലോകം പരിചയപ്പെടുത്തുന്നതിനും അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് മികച്ച പരിശീലനം നൽകുന്നതിനുമായി ലിറ്റിൽകൈറ്റ്സും സ്കൂളിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ മികവുറ്റ പ്രവർത്തനങ്ങളും പരിശീലനവും കുട്ടികൾക്ക് യൂണിഫോമും ഈ വർഷത്തെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

**എച്ച്) സുംബ പരിശീലനം**

കുട്ടികളുടെ മാനസീക സംഘർഷം കുറച്ച് അവർക്ക് മാനസീക ആരോഗ്യവും കായിക പരിശീലനവും ലക്ഷ്യമാക്കി രണ്ടാഴ്ചയിൽ ഒരിക്കൽ അവർക്ക് സുംബ പരിശീലനം നൽകുക എന്നതും ഈ വർഷത്തെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

**ഐ) ലൈബ്രറി നവീകരണവും ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങളും**

വായിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഏത് സമയത്തും ലൈബ്രറിയിൽ നിന്ന് പുസ്തകം എടുക്കാൻ കഴിയുന്ന മികച്ച ലൈബ്രറി പ്രവർത്തനങ്ങൾ ഈ വർഷത്തെ പ്രധാന ലക്ഷ്യമാണ്. എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 9.45 വരെയും ഉച്ചയ്ക്ക് 1.15 മുതൽ 2 മണി വരെയും കുട്ടികൾക്ക് ലൈബ്രറിയിലെത്തി ഇഷ്ടമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കാനുള്ള സൗകര്യം സ്കൂളിൽ ഒരുക്കുന്നു. "പുസ്തക അലമാര" വഴിയും കുട്ടികൾക്ക് ഏത് സമയത്തും പുസ്തകം എടുക്കാനുള്ള ക്രമീകരണവും ഉറപ്പുവരുത്തുന്നു.

**ജെ) ജൂനിയർ റെഡ്ക്രോസ്**

ജെ.ആർ.സി-ജൂനിയർ റെഡ്ക്രോസ്-പ്രവർത്തനങ്ങൾ മികവുറ്റതാക്കുക എന്നതും ഈ വർഷത്തെ ലക്ഷ്യമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സ്നേഹവും കരുണയും മനുഷ്യസ്നേഹവും വർദ്ധിപ്പിച്ച് മികച്ച പൗരൻമാരാക്കി മാറ്റുക വിദ്യാലയത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

**കെ) സെന്റ് ആന്റണീസ് ഹെൽപ്പിംഗ് എയ്ഡ് (SAHA).**

സ്കൂളിലെ വിദ്യാർത്ഥികൾക്കും അവരുടെ പ്രിയപ്പെട്ടവർക്കും സമൂഹത്തിൽ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നവർക്കും ആവശ്യമായ സഹായം ചെയ്യാൻ ആവിഷ്ക്കരിച്ച പദ്ധതിയാണ് സെന്റ് ആന്റണീസ് ഹെൽപിംഗ് എയ്ഡ്. (SAHA). ഇതിലൂടെ ഓരോ വർഷവും നിരവധി കുടുംബങ്ങൾക്ക് പതിനായിരക്കണക്കിന് രൂപയുടെ സഹായം നൽകിവരുന്നു.

തണ്ണീർമുക്കം പഞ്ചായത്തിലെ അതി ദരിദ്ര കുടുംബങ്ങളിൽ ഒന്ന് സ്കൂളിന് സമീപത്താണ്. നിത്യോപയോഗ സാധനങ്ങൾ നൽകിയും സാമ്പത്തിക സഹായം നൽകിയും ആദ്യം കുടുംബത്തെ സഹായിച്ചെങ്കിലും വൃദ്ധ ദമ്പതികൾ മാത്രം താമസിക്കുന്ന ആ കുടുംബത്തിന് യഥാസമയം ഭക്ഷണം കഴിക്കാൻ അതൊന്നും പര്യാപ്തമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ആ കുടുംബത്തിന് എല്ലാ ദിവസവും ഭക്ഷണം നൽകാനുള്ള ഉത്തരവാദിത്വം 2024-25 അദ്ധ്യയന വർഷത്തെ പത്താം ക്ലാസ് വിദ്യാർത്ഥികൾ ഏറ്റെടുത്തത്. 2024 ജൂൺ 13 സെന്റ് ആൻറണീസ് ദിനത്തിൽ ആരംഭിച്ച ഈ ഭക്ഷണ വിതരണം 2025-26 അദ്ധ്യയന വർഷത്തെ 10-ാം ക്ലാസ്സ് വിദ്യാർത്ഥികളും തുടരുക എന്നത് ഈ വർഷത്തെ പ്രധാന ലക്ഷ്യമാണ്. അവധി ദിവസങ്ങൾ ഉൾപ്പടെ എല്ലാ ദിവസവും കുട്ടികൾ മാറിമാറി ഈ പദ്ധതി മുന്നോട്ടുകൊണ്ടു പോകുക എന്നത് ഈ വർഷത്തെ SAHA യുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ചികിത്സ സംബന്ധമായി ആശുപത്രിയിലും ഭവനത്തിലും കഴിയുന്ന കുട്ടികളേയും അവരുടെ പ്രിയപ്പെട്ടവരേയും അകമഴിഞ്ഞ് സഹായിക്കുക എന്നതും "സെന്റ് ആന്റണീസ് ഹൈസ്കൂൾ എന്നും നിങ്ങളോടൊപ്പം" എന്ന ബോധ്യം അവർക്ക് പകർന്നു നൽകുക എന്നതും SAHA യുടെ ഈ വർഷത്തെ ലക്ഷ്യമാണ്.

## 9. സമഗ്ര ഗുണമേന്മാ പദ്ധതി 2025-26

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മാ പദ്ധതി നടപ്പിലാക്കി വരുന്നു. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, സ്കൂൾ എസ്.ആർ.ജി. വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക, ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കുട്ടികൾക്കുവേണ്ട പഠന പിന്തുണാ പരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി വിദ്യാർത്ഥികൾ, എസ്.സി, എസ്.ടി. എന്നിങ്ങനെ കൂടുതൽ ശ്രദ്ധ വേണ്ടവർക്കുള്ള പഠന പരിപോഷണ പരിപാടി നടപ്പിലാക്കുക എന്നിവയെല്ലാം സമഗ്ര ഗുണമേന്മാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ് വിദ്യാലയത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്.

## 10. സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബുകളും ചുമതലയുള്ള അദ്ധ്യാപകരും

| | | |
|---|---|---|
| നേച്ചർ ക്ലബ്ബ് | - | ശ്രീമതി അതുല്യ |
| ഐ.റ്റി. | - | ശ്രീമതി റിയ മെയ്ൻ |
| മലയാളം | - | ശ്രീ. സെസ്സിൽ SABS |
| ഇംഗ്ലീഷ് | - | ശ്രീമതി അനറ്റ് സി. അഗസ്റ്റിൻ |
| ഹിന്ദി | - | ശ്രീമതി കിരൺ ക്ലാര |
| സോഷ്യൽ സയൻസ് | - | ശ്രീമതി സ്മിത മേരി |
| സയൻസ് | - | ശ്രീമതി ടിന്റ സി. വർഗ്ഗീസ് |
| മാത്സ് | - | ശ്രീമതി റിയ മെയ്ൻ |
| എനർജി & വൈ.ഐ.പി. | - | ശ്രീമതി അനോൾ മരിയ ജേക്കബ്ബ് |
| ഹെൽത്ത് ക്ലബ്ബ് | - | ശ്രീമതി രഞ്ചു എബ്രഹാം |
| സ്കൂൾ വിക്കി | - | ശ്രീമതി റിറ്റു തോമസ് |
| ഡേ സെലിബ്രേഷൻ | - | ശ്രീമതി അനോൾ മരിയ ജേക്കബ്ബ് |
| ലൈബ്രറി | - | സി. സെസിൽ SABS |
| റോഡ് സേഫ്റ്റി ക്ലബ്ബ് | - | ശ്രീമതി കൃഷ്ണപ്രിയ പി.<br>ശ്രീമതി ജാൻസി ആന്റണി |
| വിദ്യാരംഗ കലാസാഹിത്യവേദി | - | ശ്രീമതി ഷീൻ തോമസ് |
| സംസ്കൃതക്ലബ്ബ് | - | ശ്രീമതി കൃഷ്ണപ്രിയ പി. |
| എൽ.എസ്.എസ്. | - | ശ്രീമതി ടീന ജോസ് |
| യു.എസ്.എസ്. | - | ശ്രീമതി റിറ്റു തോമസ് |
| എൻ.എം.എം.എസ്. | - | ശ്രീമതി നിറ്റി റോസ് |
| ഡോക്യുമെന്റേഷൻ | - | ശ്രീമതി റിയ മെയ്ൻ |
| ലിറ്റിൽ കൈറ്റ്സ് | - | ശ്രീമതി റിയ മെയ്ൻ |

ജെ.ആർ.സി - ശ്രീമതി അനറ്റ് അഗസ്റ്റിൻ

സ്കൗട്ട് - ശ്രീമതി കൃഷ്ണപ്രിയ പി.

ഗൈഡ് - ശ്രീമതി റിറ്റു തോമസ്

മോറൽ സയൻസ് - ശ്രീമതി ടീന ജോസ്

ഒരുപിടി നന്മ - ശ്രീ. മാത്യു ജേക്കബ്ബ്

നൂൺ മീൽ - ശ്രീമതി സിന്ധു കെ.ഇ.

സ്കൂൾ ജാഗ്രത സമിതി - ശ്രീമതി കൃഷ്ണപ്രിയ പി.

സ്കൂൾ വിമുക്തി ക്ലബ്ബ് - ശ്രീ. മാത്യു ജേക്കബ്ബ്

എസ്.എസ്.എൽ.സി. തീവ്ര പരിശീലനം - ശ്രീ. മാത്യു ജേക്കബ്ബ്

പുസ്തക അലമാര - ശ്രീമതി കിരൺ ക്ലാര

സ്കൂൾ സൊസൈറ്റി - ശ്രീമതി കൃഷ്ണപ്രിയ പി

ഹിരോഷിമ ദിനം - ശ്രീമതി സ്മിത മേരി

ആഗസ്റ്റ് 15 - ശ്രീമതി സ്മിത മേരി

കർഷകദിനം (ആഗസ്റ്റ് 17) - ശ്രീമതി അതുല്യ

ആഗസ്റ്റ് 29 കായികദിനം - ശ്രീ. മാത്യു ജേക്കബ്ബ്

സെപ്റ്റംബർ 5 അദ്ധ്യാപകദിനം - ശ്രീമതി നിറ്റി റോസ്

നവംബർ 1 കേരളപ്പിറവി ദിനം - സി. സെസിൽ SABS

ഒക്ടോബർ 2 ഗാന്ധിജയന്തി - ശ്രീമതി രഞ്ചു അബ്രഹാം

ജനുവരി 10 ലോകഹിന്ദി ദിനം - ശ്രീമതി കിരൺ ക്ലാര

ഫെബ്രുവരി 22 ലോക സ്കൗട്ട് ദിനം- ശ്രീമതി റിറ്റു തോമസ്
ശ്രീമതി കൃഷ്ണപ്രിയ പി.

## 11. 2025-26 അദ്ധ്യയന വർഷം മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. വായനാ പരിപോഷണം
5. ലാബോറട്ടറി ആധുനിക വൽക്കരിക്കൽ
6. പ്രതിഭാ പോഷണ പരിപാടി
7. നാടകക്കളരി
8. ജൈവവൈവിധ്യ പാർക്ക്
9. സാഹിത്യ പോഷണ പരിപാടികൾ
10. പഠനയാത്രകൾ
11. സെമിനാറുകൾ
12. കലാ-കായികമേള
13. ഐ.റ്റി. പരിശീലനം
14. അദ്ധ്യാപക ശാക്തീകരണ പരിപാടി
15. ക്ലാസ് പി.ടി.എ. സജീവമാക്കൽ
16. സ്കൂൾ പത്രം/മാസിക
17. പ്രവൃത്തി പരിചയപഠനം
18. എസ്.ആർ.ജി. ശാക്തീകരണം
19. ശാസ്ത്രാഭിരുചി വളർത്തൽ
20. പച്ചക്കറിത്തോട്ടം
21. മെഡിക്കൽ ടെസ്റ്റ്
22. പോഷകാഹാര പരിപാടി
23. ടേം മൂല്യനിർണ്ണയം - നിരന്തര വിലയിരുത്തൽ
24. ദിനാചരണം
25. കായിക പരിശീലനം
26. സെന്റ് ആന്റണീസ് ഹെൽപ്പിംഗ് എയ്ഡ് (SAHA)
27. എസ്.എസ്.എൽ.സി. തീവ്ര പരിശീലനം
    (സെന്റ് ആന്റണീസ് ഗ്രേറ്റ് അച്ചീവ്മെന്റ്) (SAGA)

## 12. സബ്ജക്ട് കൗൺസിൽ കൺവീനർമാർ

| | |
|---|---|
| എസ്.ആർ.ജി. കൺവീനർ | : നിറ്റി റോസ് അഗസ്റ്റിൻ |
| മലയാളം | : ഷീൻ തോമസ് |
| ഇംഗ്ലീഷ് | : അനറ്റ് |
| സംസ്കൃതം | : കൃഷ്ണപ്രിയ |
| ഹിന്ദി | : മാത്യു ജേക്കബ്ബ് |
| സോഷ്യൽ സയൻസ് | : സ്മിത മേരി |
| യു.എസ്.എസ്. കോ-ഓർഡിനേറ്റർ | : റിറ്റു തോമസ് |
| എൽ.എസ്.എസ്. കോ-ഓർഡിനേറ്റർ | : ടീന ജോസ് |
| എൻ.എം.എം.എസ്. | : അനോൾ മരിയ ജേക്കബ് |
| SAGA | : മാത്യു ജേക്കബ്ബ് |
| ഫിസിക്സ് & കെമിസ്ട്രി | : ടിന്റു സി. വർഗ്ഗീസ് |
| ബയോളജി | : അനോൾ മരിയ ജേക്കബ്ബ് |
| ഐ.റ്റി. | : റിയ മെയ്ൻ |
| കായിക പരിശീലനം | : മാത്യു ജേക്കബ്ബ് |

## 13. ദിനാചരണങ്ങളും സ്കൂൾ പ്രവർത്തനങ്ങളും

| മാസം | തീയതി | ദിനാചരണം | നേതൃത്വം | പ്രവർത്തനം |
|---|---|---|---|---|
| ജൂൺ | 02 | പ്രവേശനോത്സവം | സ്കൂൾ സ്റ്റാഫ് & പി.ടി.എ. | ഉദ്ഘാടനം - കുട്ടികൾക്ക് സ്വീകരണം - അക്ഷരദീപം തെളിയിക്കൽ |
| ജൂൺ | 05 | പരിസ്ഥിതിദിനം | നേച്ചർക്ലബ്ബ് | പരിസ്ഥിതി സന്ദേശം, വൃക്ഷത്തൈ നടൽ, വിവിധ മത്സരങ്ങൾ |
| ജൂൺ | 19 | വായനാദിനം | മലയാളം ക്ലബ്ബ് | വായനാദിനാചരണം ഉദ്ഘാടനം, ശ്രീ. ഡെൽസൺ സ്കറിയ, സന്ദേശം, ക്ലാസ് ലൈബ്രറി ഉദ്ഘാടനം |
| ജൂൺ | 21 | യോഗാദിനം & മ്യൂസിക് ദിനം | ഹെൽത്ത് ക്ലബ്ബ് സ്പോർട്സ് ക്ലബ്ബ് | ഉദ്ഘാടനം ശ്രീകാന്ത് എസ്.ആർ, യോഗാപരിശീലനം, സുംബാ ഡാൻസ് |
| ജൂൺ | 26 | ലോകലഹരി വിരുദ്ധദിനം | ഹെൽത്ത് ക്ലബ്ബ് | ബോധവൽക്കരണക്ലാസ്, റാലി, വീഡിയോ, പ്രദർശനം - വിവിധ മത്സരങ്ങൾ |
| ജൂലൈ | 5 | ബഷീർ ദിനം | മലയാളം ക്ലബ് | ഉദ്ഘാടനം, നാടൻപാട്ട്, ശില്പശാല, ബഷീർ അനുസ്മരണം |
| ജൂലൈ | 23 | ചാന്ദ്ര ദിനം | സയൻസ് ക്ലബ് | സന്ദേശം, വീഡിയോ പ്രദർശനം, വിവിധ മത്സരങ്ങൾ |
| ആഗസ്റ്റ് | 6 | ഹിരോഷിമദിനം<br>നാഗസാക്കി ദിനം<br>ക്വിറ്റ് ഇൻഡ്യാ ദിനം | സോഷ്യൽ സയൻസ് ക്ലബ്ബ് | ബോധവൽക്കരണക്ലാസ്സ്. വിവിധ മത്സരങ്ങൾ<br>പോസ്റ്റർ മത്സരം |

| | | | | |
|---|---|---|---|---|
| ആഗസ്റ്റ് | 15 | സ്വാതന്ത്ര്യദിനം | സോഷ്യൽ സയൻസ് ക്ലബ്ബ് | പതാക ഉയർത്തൽ – സന്ദേശം, റാലി, വിവിധ മത്സരങ്ങൾ |
| | 17 | കർഷകദിനം | നേച്ചർ ക്ലബ്ബ് | കർഷകരെ ആദരിക്കൽ – സന്ദേശം |
| | 29 | ദേശീയ കായികദിനം | സ്പോർട്സ് ക്ലബ്ബ് | ‘കായികപരിശീലനം ജീവിതത്തിൽ-ക്ലാസ് |
| സെപ്റ്റംബർ | 05 | അധ്യാപകദിനം | നിറ്റി റോസ് അഗസ്റ്റിൻ | അദ്ധ്യാപകർക്ക് ആദരവ് |
| ഒക്ടോബർ | 01 | ലോക വൃദ്ധദിനം<br>രക്തദാനദിനം | ജെ.ആർ,സി. | ഓൾഡ് ഏജ് ഹോം വിസിറ്റ്, സന്ദേശം |
| ഒക്ടോബർ | 02 | ഗാന്ധിജയന്തി | സോഷ്യൽ സയൻസ് ക്ലബ്ബ്, ജെ.ആർ.സി. | സ്കൂൾ ശുചീകരണം<br>ശുചിത്വസന്ദേശം |
| | 15 | ലോകവിദ്യാർത്ഥിദിനം<br>എ.പി.ജെ. ദിനം | ജാഗ്രതാസമിതി | നിർദ്ദേശങ്ങൾ, സന്ദേശം |
| നവംബർ | 01 | കേരളപിറവി ദിനം | മലയാളം ക്ലബ്ബ് ദിനം | സ്പെഷ്യൽ അസംബ്ലി – സന്ദേശം<br>വിവിധ മത്സരങ്ങൾ |

| | | | | |
|---|---|---|---|---|
| | 14 | ശിശുദിനം | ശ്രീമതി ലിയ തോമസ് | റാലി, സ്വാതന്ത്ര്യസമരസേനാനികൾ, ടാബ്ലോ കലാപരിപാടികൾ |
| ഡിസംബർ | 03 | ഭിന്നശേഷി ദിനം | ഹെൽത്ത് ക്ലബ്ബ് | സന്ദേശം - ആദരവ് |
| | 14 | ദേശീയ ഊർജ്ജ സംരക്ഷണ ദിനം | എനർജി ക്ലബ്ബ് | ക്ലാസ് - വീഡിയോ പ്രദർശനം |
| ജനുവരി | 10 | ലോകഹിന്ദി ദിനം | ഹിന്ദി ക്ലബ്ബ് | സ്പെഷ്യൽ അസംബ്ലി ഹിന്ദിയിൽ കലാപരിപാടികൾ - സന്ദേശം |
| ജനുവരി | 26 | റിപ്പബ്ലിക് ഡേ | സോഷ്യൽസയൻസ് ക്ലബ്ബ് | പതാക ഉയർത്തൽ സന്ദേശം - റാലി - വിവിധ മത്സരങ്ങൾ |
| ഫെബ്രുവരി | 21 | അന്തർദേശീയ മാതൃഭാഷാ ദിനം | മലയാളം ക്ലബ്ബ് | സന്ദേശം, വിവിധ മത്സരങ്ങൾ സ്പെഷ്യൽ അസംബ്ലി |
| | 22 | ലോകജലദിനം | നേച്ചർ ക്ലബ്ബ് | ജല മലിനീകരണം - പോസ്റ്റർ മത്സരം-സന്ദേശം |

***ഒഴുകുന്ന ജലവും പാറയും, പലപ്പോഴും ഏറ്റുമുട്ടും***
***ജയിക്കുന്നത് എപ്പോഴും, ജലമായിരിക്കും***

***അതിന്റെ ശക്തികൊണ്ടല്ല***
***നിർത്താതെയുള്ള പരിശ്രമത്താൽ....***

ശ്രീബുദ്ധൻ

# ഹൈസ്കൂൾ വിഭാഗം

## ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ഓരോ യൂണിറ്റിന്റേയും തുടക്കം ആ യൂണിറ്റിലേക്ക് ആവശ്യമായ അടിസ്ഥാന ആശയങ്ങൾ മുന്നറിവായി നൽകി, കുട്ടികളെ അത് മനസിൽ ഉറപ്പിക്കാൻ സഹായിക്കുന്നു. വിവിധ ക്ലാസ് തല പ്രവർത്തനങ്ങളിലൂടെ കുട്ടികൾ ഗണിതത്തോടുള്ള ഇഷ്ടം വളർത്തുന്നു. | അക്കാദമിക വർഷം മുഴുവൻ | ഗണിത അധ്യാപകർ |
| ക്ലബ് രൂപീകരണം | ഗണിതത്തിൽ മികവ് പ്രകടിപ്പിക്കുന്നവരേയും, താൽപര്യമുള്ളവരേയും കണ്ടെത്തി ഗണിതക്ലാസ് രൂപീകരിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ |
| ക്ലബ് പ്രവർത്തനങ്ങൾ | ☞ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്നു.<br>☞ അവരുടെ സംഭാവനകൾ ഐ.സി.റ്റി. യിൽ പ്രദർശിപ്പിച്ച് ചാർട്ടിലേക്ക് ആക്കുന്നു.<br>☞ പരിശീലനം<br>☞ പാറ്റേൺ നിർമ്മിതി<br>☞ ഗണിത ക്വിസ്<br>☞ ഗണിത മേള<br>☞ സിൽ സോൾവിംഗ്<br>☞ ജീവിത സ്പർശിയായ ഗണിത വിഷയങ്ങളുടെ ഫോട്ടോ ശേഖരണം<br>☞ Sudoku Puzzle | അക്കാദമിക വർഷം മുഴുവൻ | ഗണിത അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂൾ തല മത്സരങ്ങൾ | ഗണിതമേളയിൽ പങ്കെടുപ്പിക്കുന്നതിനായി കുട്ടികളെ സ്കൂൾതല മത്സരങ്ങളിൽ നിന്ന് തെരഞ്ഞെടുക്കുകയും അവർക്ക് പ്രത്യേകമായി കോച്ചിംഗ് കൊടുക്കുകയും ചെയ്യും. | ആഗസ്റ്റ്, സെപ്റ്റംബർ | ഗണിത അധ്യാപകർ |
| മുൻനിരയിലേക്ക് കൊണ്ടു വന്ന് ഗണിതത്തിന് കൂടുതൽ മികവ് നേടൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് 1.30 മുതൽ വ്യക്തിഗത പരിശീലനം നൽകുന്നു. ഓരോ യൂണിറ്റിലേയും പ്രധാന ഭാഗങ്ങൾ പലതവണയായി പറഞ്ഞും ചെയ്തും കുട്ടികളിൽ അത് ഉറപ്പിക്കുന്നു.<br>(Construction, Algebra, Arethemetic Operations etc.)<br>കുട്ടികളുടെ ഗ്രൂപ്പ് ലേണിംഗിന് അവസരം കൊടുക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | ഗണിത അധ്യാപകർ |

**നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ**

**ആദ്യം സൂര്യനെപ്പോൽ കത്തിജ്വലിക്കുക.**

**– അബ്ദുൾകലാം**

## സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നുംവഭാവി രൂപപ്പെടുത്തുക. | **കാടും മേടും**<br>ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക, പൗരബോധം മൂല്യബോധം ഇവ വളർത്തുക | **വയൽ കിളികൾ**<br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**ഒന്നായി നമ്മൾ**<br>സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്പ്**<br>സാമൂഹ്യ ശാസ്ത്രലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക, സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **<u>ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ</u>**<br>സർവ്വേ പ്രോജക്ട് ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 5. ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥല നിർ ണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **<u>പാട്ടുപാതയിലൂടെ</u>**<br>ശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്തവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 6. കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | **<u>മൈ സിനിമാ റൂം</u>**<br>ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 6. വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **<u>ചരിത്ര കൊട്ടാരം</u>**<br>വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

CWSN കുട്ടികൾക്കുള്ള തുടർ പ്രവർത്തനങ്ങൾ

1. സ്വാതന്ത്ര്യ സമര സേനാനികളുടെ ഫോട്ടോ പതിച്ച ആൽബം തയ്യാറാക്കുക
2. കേരളത്തിന്റെ ഭൂപടത്തിൽ ജില്ലകൾ അടയാളപ്പെടുത്തു ക
3. ഭൂപടത്തിൽ വൻകരകളും സമുദ്രങ്ങളും അടയാളപ്പെടുത്തുക
4. ഭൂപടത്തിൽ ദിശകൾ അടയാളപ്പെടുത്തുക
5. ചരിത്രപ്രാധാന്യമുള്ള വർഷങ്ങൾ കാണിക്കുന്ന ടൈം ലൈൻ തയ്യാറാക്കുക
6. ഭൂമധ്യരേഖ, അക്ഷാംശരേഖ, രേഖാംശരേഖ എന്നിവ ഗ്ലോബിൽ ഐഡന്റിഫൈ ചെയ്യുക.
7. അറ്റ്ലസ് നിർമ്മാണം
8. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ പേരുകൾ പട്ടികപ്പെടുത്തുക.
9. സ്റ്റാമ്പ് കളക്ഷൻ, കോയിൻ കളക്ഷൻ.
10. കേന്ദ്രഭരണ പ്രദേശങ്ങൾ പട്ടികപ്പെടുത്തുക.

**ഫിസിക്സ്, കെമിസ്ട്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂളിലെ സൗരോർജ്ജ പാനൽ ഉപയോഗരീതി, ഗുണമേന്മ എന്നിവയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്ന ക്ലാസ്സ് | 1 വർഷം | പി.ടി.എ | പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉച്ചയ്ക്ക് 1.30 ന് ശേഷം (10) അധിക ക്ലാസ്സ്, 9,10, ക്ലാസ്സിലെ അടിസ്ഥാനം മനസ്സിലാക്കുന്ന പ്രത്യേക നോട്ട്സ്, ചാർട്ട് |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകൻ - കുട്ടി | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ടീച്ചർ, എസ്.ആർ.ജി. | |
| ശാസ്ത്രമാസിക തയ്യാറാക്കൽ | കുട്ടികൾ ക്ലാസിൽ പഠിക്കുന്നതും, പുറമേ നിന്ന് കിട്ടുന്നതുമായ ശാസ്ത്ര സംബന്ധമായ അറിവുകൾ പ്രയോജനപ്പെടുത്തി കഥ, കവിത, ലേഖനം, ഉപന്യാസം ഇവ ഉൾപ്പെടുത്തിക്കൊണ്ട് | 10 മാസം | സയൻസ് ടീച്ചർ | |
| എൽ.ഇ.ഡി. ബൾബിന്റെ നിർമ്മാണത്തെക്കുറിച്ച് ഒരു ബോധവൽകരണ ക്ലാസ്, മോഡൽ നിർമ്മാണം | ശാസ്ത്ര ബോധവല്ക്കരണക്ലാസ്സ്, ശില്പശാല തുടങ്ങിയവയിലൂടെ ശാസ്ത്രാഭിരുചി വളർത്തുവാൻ സാധിക്കുന്നു. | ഒരു മാസം | സയൻസ് ടീച്ചർ | 9-ാം ക്ലാസ്സിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി (Chemistry) പീരിയോഡിക് ടേബിൾ ചാർട്ടിസൽ ആക്കി ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുന്നു. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജൂൺ മുതൽ ഒരു മാസം | സയൻസ് ടീച്ചേഴ്സ് | സയൻസ് നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കാത്ത കുട്ടികൾക്ക് മോഡലുകൾ പരിചയപ്പെടുത്തൽ |
| ശാസ്ത്രമേള, ശാസ്ത്ര നാടകം | സ്കൂൾതല മേളകളിൽ മികച്ച പ്രകടനം നടത്തിയ കുട്ടികൾക്ക് മികച്ച പ്രോത്സാഹനം കൊടുക്കുന്നു. | ഒരു വർഷത്തിൽ 3 മാസം | സയൻസ് ടീച്ചേഴ്സ് | അപവർത്തനം പോലുള്ള ടോപ്പിക്കിൽ കൂടുതല ചിത്ര പ്രദർശനം |

അധിക പ്രവർത്തനമായി 2025-26 അദ്ധ്യയന വർഷത്തിൽ, ജൂലൈ 21 ചാന്ദ്രദിനഭാഗമായി Space Achievement Quiz Competetion, Rocket നിർമ്മാണം, ഫെബ്രുവരി 28 – National Science Day യുടെ ഭാഗമായി C V Raman Essay Competetion പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഈ ദിവസങ്ങളിൽ ചാർട്ട്, പോസ്റ്റർ മത്സരങ്ങൾ നടത്തുന്നു.

**വിഷയം : ബയോളജി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി ബോധവൽക്കരണം | ☞പരിസ്ഥിതി ദിനത്തിൽ<br>☞മരത്തെ നട്ടുപിടിപ്പിക്കൽ<br>☞സംരക്ഷണപാട്ട്<br>☞പോസ്റ്റർ നിർമ്മാണം<br>☞പ്ലക്കാർഡ് നിർമ്മാണം | ജൂൺ 5 | എക്കോ ക്ലബ്ബ്, ബയോളജി ക്ലബ്ബ് | പി.ടി.എ., സയൻസ് ക്ലബ്ബ് |
| 2. ജൈവവൈവിധ്യ പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തു പട്ടിക തയ്യാറാക്കൽ | ജൂലൈ മുഴുവൻ | സയൻസ് & ബയോളജി ക്ലബ്ബ് | പി.ടി.എ. |
| 3. സസ്യസംരക്ഷണ ബോധവത്ക്കരണം | സസ്യോദ്യാനം/സന്ദർശനം/ഹെർബേറിയം നിർമ്മാണം | ജൂലൈ അവസാനം | ബയോളജി ക്ലബ്ബ് | പി.ടി.എ. |
| 4. ബയോടെക്നോളജി പരിചയം | ടിഷ്യൂ കൾച്ചർ | ആഗസ്റ്റ് ഒന്നാം ആഴ്ച | അതിഥി അദ്ധ്യാപകൻ (വീഡിയോ പ്രസന്റേഷൻ) | പി.ടി.എ. |
| 5. സ്കൂൾതല എക്സിബിഷൻ | അഭിരുചി വളർത്തൽ, ബ്രോ ഫയർ, എക്സിബിഷൻ | സെപ്റ്റംബർ രണ്ടാം ആഴ്ച | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ്, പി.ടി.എ. |
| 6. പരിസ്ഥിതി സംരക്ഷണം | പോസ്റ്റർ നിർമ്മാണം / ഫ്ളാഷ് മോബ് | സെപ്റ്റംബർ മൂന്നാം ആഴ്ച | എക്കോക്ലബ്ബ്, സയൻസ് ക്ലബ്ബ് | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾതല ബയോളജി ക്വിസ് | ജൂലൈ 21 ചാന്ദ്രദിനം സെപ്റ്റം ബർ അവ സാനം | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| വന്യജീവി സംരക്ഷണം | വേൾഡ് ലൈഫ് വീക്ക് ഡോക്യുമെന്ററി | ഒക്ടോബർ 2-7 | എക്കോ ക്ലബ്ബ് | പി.ടി.എ. |
| പാഠഭാഗം പുനരാവർത്തനം | Peer learning, Group Rivision, Video Presentation | Every month | ബയോളജി ക്ലബ്ബ് | ടീച്ചേഴ്സ് ഫണ്ട് |
| പഠന ഫലങ്ങൾ രേഖപ്പെടുത്തൽ | Young Biologist പ്രസിദ്ധീകരണം | March | സ്റ്റുഡന്റ് ടീച്ചേഴ്സ് കമ്മിറ്റി | പി.ടി.എ. |
| പാഠഭാഗം പുനഃസൃഷ്ടിക്കൽ | Role Play, Song, Drama (Like), Mnemonics (For Academically weak students) | Each term | ബയോളജി ക്ലബ്ബ് | ടീച്ചേഴ്സ് ഫണ്ട് |

**യഥാർത്ഥ വിദ്യാഭ്യാസം ചുറ്റുപാടുമുള്ള സാഹചര്യങ്ങളുമായി പൊരുത്തപ്പെടണം**
**അല്ലെങ്കിൽ അത് ആരോഗ്യകരമായ വളർച്ചയല്ല.**

**– ഗാന്ധിജി**

**വിഷയം : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ | * English Assembly<br>* English News Reading<br>* Treasure Hunt ഓരോ കുട്ടിയ്ക്കും ഒരു ബോക്സിൽ നിന്നും ഒരു വസ്തു എടുക്കാൻ ആവശ്യപ്പെടുന്നു. അതിനെക്കുറിച്ച് ഇംഗ്ലീഷിൽ Describe ചെയ്യാൻ ആവശ്യപ്പെടുന്നു. | വർഷം മുഴുവൻ | എസ്.ആർ.ജി., ക്ലാസ്സ് തലം | ഇംഗ്ലീഷ് ക്ലബ്ബ്, സ്കൂൾ പി.ടി.എ. |
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Profile Album, Seminar | ഡിസംബർ | ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് |
| സ്വാതന്ത്ര്യ വായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായഎഴുത്തിന് സജ്ജരാക്കുക | Compiling ‘My Dictionary’, Adjective Trees, Homophone Cards, Charts on Idioms, V1, V2 & V3, Phrasal verbs, News Reading competitions, Word Games, Distributing Library Books | Class Room Activities | English Teacher, Parents | Parents, English Club |
| നാടകീകരണം | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ് തയ്യാറാക്കുക, ഇംഗ്ലീഷ് ഡേ | ജനുവരി | PTA, SRG, English parents, Club Teachers | Parents, English Club |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവിതാലാപനത്തിനും കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു. | Playing Audio Albums, Interviews, Book Reviews, Poem Writing, Competition, Poem Recitation | ജൂലൈ, ആഗസ്റ്റ്, നവംബർ | ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് |
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | Famous Novelist, Personalities എന്നിവരെക്കുറിച്ചുള്ള Videos പ്രദർശിപ്പിക്കുന്നു. Voice Collage നടത്തുന്നു. Screening Short Films and Motivational Videos | ക്ലാസ് റൂം ആക്ടിവിറ്റീസ് വർഷം മുഴുവനും | ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കായി dictation, video presentation, word games ഗെയിംസ് തുടങ്ങിയ ക്ലാസ്സിൽ നടത്തുന്നു. | | | | |

*ജനാധിപത്യം പ്രാവർത്തികമാകാൻ യഥാർത്ഥത്തിൽ*

*വസ്തുതകളെക്കുറിച്ചുള്ള അറിവല്ല,*

*മറിച്ച് ശരിയായ വിദ്യാഭ്യാസമാണ്.*

**-ഗാന്ധിജി**

## അക്കാദമിക മാസ്റ്റർപ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ➢ പ്രീ-ടെസ്റ്റ്<br>➢ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>➢ ചിത്രം നൽകി കഥപറയൽ, എഴുതൽ | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | ഭാഷാദ്ധ്യാപകർ | എസ്.ആർ.ജി.<br>പി.ടി.എ.<br>എസ്.എസ്.എ.<br>DIET<br>SCERT |
| ➢ കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനാക്കൂട്ടം)<br>➢ വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ<br>➢ വായനാസാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക | ➢ വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണം<br>➢ ക്ലാസ് സഭ, സ്കൂൾസഭ, ബാലസഭ<br>➢ സി.ഡി, വീഡിയോ പ്രദർശനം<br>➢ ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂൺ | മുഴുവൻ അദ്ധ്യാപകർ<br>വിദ്യാരംഗം<br>IEDSS | SRG, SMC, PTA<br>പഞ്ചായത്ത് |
| ➢ കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | ➢ എഴുത്തുകൂട്ടം രൂപീകരണം<br>➢ എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>➢ ചുമർ പത്രിക ഒരുക്കൽ<br>➢ കഥാക്യാമ്പ്, കവിതാക്യാമ്പ്<br>➢ രചനാശില്പശാല | ഒരു വർഷം | ഭാഷാദ്ധ്യാപകർ<br>ലൈബ്രേറിയൻ<br>വിദ്യാരംഗം | SMC<br>PTA |

## അക്കാദമിക മാസ്റ്റർപ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) സർഗശേഷി കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം കലാസാഹിത്യ വേദി) | ✍ വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണം<br>✍ ബാലസഭ, സി.ഡി, വീഡിയോപ്രദർശനം<br>✍ ഭിന്നശേഷിക്കാർക്കായി പ്രത്യേകംസഭ | ജൂൺ | മുഴുവൻ അദ്ധ്യാപകർ<br>വിദ്യാരംഗം<br>IEDSS | SRG<br>SMC<br>PTA<br>പഞ്ചായത്ത് |
| 5) സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി ശാക്തീകരണം) | ✍ ക്ലാസ് ലൈബ്രറി രൂപീകരണം<br>✍ സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>✍ മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ<br>✍ വായനാമൂലകൾ, വായനാമുറി, സൗകര്യമൊരുക്കൽ | ആറുമാസം | ഭാഷാധ്യാപകർ,<br>ലൈബ്രേറിയൻ,<br>വിദ്യാരംഗം | SRG<br>SMC<br>PTA |
| ✍ കലാപരമായ കഴിവുകൾ പോഷിപ്പിക്കൽ<br>✍ ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാനുള്ള ശേഷി | ✍ നാടകക്കളരി<br>✍ പാഠഭാഗമുൾപ്പടെയുള്ളവയുടെ നാടകീകരണം<br>✍ ICT സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br>✍ പൊതുവേദികളിലെ അവതരണം | ആറുമാസം | ഭാഷാധ്യാപകർ,<br>ആർട്സ്, മ്യൂസിക് അധ്യാപകർ | SMC<br>PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക | ✍ രചനകൾ, ക്ലാസ് മാഗസിൻ, റേഡിയോ ക്ലബ്ബ്, ചുമർചിത്രങ്ങൾ, സ്കൂൾ ബ്ലോഗ്, എന്നിവയിലൂടെ പ്രകടിപ്പിക്കൽ. പത്രക്വിസ് (പ്രതിദിനം ഒരു ചോദ്യം) | വാർത്ത ദിവസവും 5 മിനിറ്റ് | SITC<br>റേഡിയോ ക്ലാസ്, ക്ലാസ് ടീച്ചേഴ്സ് | SRG<br>SMC<br>PTA |
| ICT സാധ്യതകൾ ആശയവിനിമയത്തിന് | ✍ പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ<br>✍ വീഡിയോ ക്ലാസുകൾ എന്നിവ ശേഖരിച്ചതും നിർമ്മിച്ച് എഡിറ്റ് ചെയ്തവയും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ | ആവശ്യാനുസരണം | ഭാഷാധ്യാപകർ<br>SITC, JSITC | SRG<br>KITE |
| ഭാഷാശേഷിയുടെ സമഗ്രമായ വികസനം | ✍ സെമിനാറുകൾ, അഭിമുഖങ്ങൾ, പാനൽ ചർച്ചകൾ, സംവാദം മുതലായവ | വർഷത്തിൽ ഓരോന്ന് | ഭാഷാധ്യാപകർ | SRG<br>SMC<br>PTA |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br><br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ UP, HS 2025- 26

St.Antony's HS Kokkamangalam

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ, | സാമ്പത്തികം | ക്ലാസിതരപ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| * എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു.<br><br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യാപിക | അനുരൂപീകരണ തലം<br><br>സഹപാഠികളുടെ പിന്തുണ<br><br>പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ<br>ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയു ള്ള ക്ലാസ് തല പ്രവർത്തനം | രചന ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ. | പ്രശ്നോത്തരി<br>മാഗസിൻ,കഥ, കവിത ഉപന്യാസം എന്നിവക്കുള്ള പരിശീലനം, സൃഷ്ടി. | | | | |
| സംസ്കൃത ദിനാചരണം<br>സ്കൂൾതല മത്സരങ്ങൾ | ഔപചാരിക ക്ലബ്ബ് രൂപീകരണം<br>സംസ്കൃത സന്ദേശം,ഒരു പ്രമുഖ വ്യക്തിയുടെ | | | | |

| | | | | | |
|---|---|---|---|---|---|
| നടത്തി സബ്ജില്ലാ ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ. സ്വാതന്ത്ര്യദിനം | ക്ലാസ്, സംസ്കൃതം പ്രാർത്ഥന.വന്ദേമാതരാലാപനം. | | | | |
| ഭാഷാപഠനം കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ,സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു. | | ചിത്രങ്ങൾ, വീഡിയോ. | | സബ്ജില്ലാ ജില്ല മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക കൂട്ടായ്മ സമ്മാന ദാനം നൽകുന്നു. |
| സംഭാഷണ ശിബിരം | പരീക്ഷാസംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന്. എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കും. | | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥലസന്ദർശനം. | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | രാമായണ പ്രശ്നോത്തരി,സംസ്കൃത പ്രശ്നോത്തരി, യുഎസ്എസ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ, എസ്എസ്എൽസി പരീക്ഷ പരിശീലനം | | | | |

# യു. പി. വിഭാഗം

**വിഷയം : സോഷ്യൽ സയൻസ്**

| പഠന പ്രവർത്തനങ്ങൾ | പഠന നേട്ടം | കാലയളവ് |
|---|---|---|
| പ്രാദേശിക ചരിത്ര രചന | ചരിത്ര രചനയ്ക്കുള്ള ശേഷി നേടുന്നു. | ജൂൺ, ജൂലൈ |
| ചരിത്ര മ്യൂസിയം ഡോക്യുമെന്ററി | ചരിത്ര ശേഷിപ്പുകളുടെ സംരക്ഷണത്തിന്റെ ആവശ്യകത | ജൂലൈ |
| ആൽബം തയ്യാറാക്കൽ | സാമൂഹിക, ശാസ്ത്രപരമായ ശേഖരങ്ങൾ വികസിപ്പിക്കുന്ന ശീലത്തിലേക്ക് കുട്ടികൾ എത്തുന്നു. | ആഗസ്റ്റ് |
| കുടുംബ ബജറ്റ് | കുടുംബ ഭദ്രതയ്ക്ക് മിതവ്യയ ശീലം അനിവാര്യമാണെന്ന് കണ്ടെത്തുന്നു | ആഗസ്റ്റ് |
| ഭൂപട നിർമ്മാണം | വൻകരകൾ, രാജ്യങ്ങൾ, സമുദ്രങ്ങൾ ഇവയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ നേടുന്നു | ഒക്ടോബർ |
| സ്കൂൾ പാർലമെന്റ് | ജനാധിപത്യത്തിന്റെ സവിശേഷതകൾ പാർലമെന്റിന്റെ പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിന് | നവംബർ, ഡിസംബർ |
| വീഡിയോ പ്രദർശനം | ഇൻഡ്യ, കേരളം എന്നിവയുടെ ഭൂപ്രകൃതി വിഭാഗങ്ങളും സവിശേഷതകളും മനസ്സിലാക്കുന്നു. | ജനുവരി, ഫെബ്രുവരി |
| ഭൂപട വായന | ഭൂമിയുടെ ശാസ്ത്രവും ചരിത്രവുമായി ബന്ധപ്പെട്ട ആശയ രൂപീകരണത്തിന് ബന്ധപ്പെട്ട ഭൂപടങ്ങൾ സഹായിക്കുന്നു. | ജൂൺ |
| ഫോട്ടോ കളക്ഷൻ | സാമൂഹ്യശാസ്ത്രപരമായ ശേഖരങ്ങൾ എന്ന നിലയിൽ യാത്രാവിവരണങ്ങളുടെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുന്നു. | ജൂലൈ |
| ജൈവവൈവിധ്യ ഉദ്യാനം | പ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ എന്നിവയിലെ വൈവിധ്യം കാർഷിക വൈവിധ്യം കാർഷിക വൈവിധ്യത്തിന് കാരണമാകുന്നു എന്ന് തിരിച്ചറിഞ്ഞ് വിശദീകരണം | ആഗസ്റ്റ് |

| പഠന പ്രവർത്തനങ്ങൾ | പഠന നേട്ടം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസറുമായി അഭിമുഖം | പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം രൂപപ്പെടുത്തുന്നു. | സെപ്റ്റംബർ |
| ഫീൽഡ് ട്രിപ്പ് | മൂല്യങ്ങൾ വളർത്തുവാനും അനുഭവം പങ്കിടുവാനും അവസരം ലഭ്യമാകുന്നു. | നവംബർ, ഡിസംബർ |
| ഗ്ലോബ് നിർമ്മാണം | ഭൂമിയുടെ ആകൃതി സവിശേഷതകൾ എന്നിവ വിശദമാക്കുന്നു. | ജനുവരി, ഫെബ്രുവരി |
| ഡോക്യുമെന്റി നിർമ്മാണം, വീഡിയോ പ്രദർശനം | നവോത്ഥാന കാലത്തെ കലാകാരന്മാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കുന്നു. | ജൂൺ, ജൂലൈ |
| ആൽബം തയ്യാറാക്കൽ | കച്ചവടത്തിൽ നിന്ന് അധികാരത്തിലേക്ക് യൂറോപ്പ് പരിവർത്തന പാതയിൽ പാഠഭാഗങ്ങളിലെ പ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു. | ജൂലൈ |
| ഭൂപട വായന | 1857 മുൻപുള്ള ഇൻഡ്യയും ശേഷമുള്ള ഇൻഡ്യയും മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്നു. | ആഗസ്റ്റ്, സെപ്റ്റംബർ |
| വീഡിയോ പ്രദർശനം | ഇൻഡ്യ, കേരളം എന്നിവയുടെ ഭൂപ്രകൃതി വിഭാഗങ്ങളും സവിശേഷതകളും വിശദമാക്കുന്നു. | ഒക്ടോബർ |
| കൃഷി ഓഫീസറുമായി അഭിമുഖം | വിവരശേഖരണത്തിനും ആശയ രൂപീകരണത്തിനും കഴിയുന്നു. | |
| പച്ചക്കറിതോട്ട നിർമ്മാണം | ഭക്ഷ്യപര്യാപ്തതയ്ക്കുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം രൂപപ്പെടുന്നു. | ഡിസംബർ, ജനുവരി |

## CWSN കുട്ടികൾക്കുള്ള തുടർ പ്രവർത്തനങ്ങൾ (സോഷ്യൽ സയൻസ്)

**ക്ലാസ്സ് - 5**

- ചിത്രങ്ങൾ ഉപയോഗിച്ച് ആൽബം തയ്യാറാക്കൽ
- വിവിധ തരത്തിലുള്ള ഉത്സവങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുക
- ഭൂപടത്തിൽ വൻകരകളും സമുദ്രങ്ങളും അടയാളപ്പെടുത്തുക
- ഭൂപടത്തിൽ ദിശകൾ അടയാളപ്പെടുത്തുക
- കുടുംബ ബജറ്റ് തയ്യാറാക്കുക.

**ക്ലാസ്സ് - 6**

- വിവിധ ശിലായുഗത്തിൽ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ ആൽബം തയ്യാറാക്കുക.
- നദീതടങ്ങളിൽ സ്ഥിതിചെയ്യുന്ന നഗരങ്ങളുടെ പേര് പട്ടികപ്പെടുത്തുക.
- ആദ്യകാല രാഷ്ട്രങ്ങളും അവയുടെ ഭരണാധികാരികളുടെ പേര് പട്ടികപ്പെടുത്തുക.
- പഴയകാല രാഷ്ട്രങ്ങളുടെ ഇപ്പോഴത്തെ പേര്, ഭൂപടത്തിൽ എവിടെ എന്ന് അടയാളപ്പെടുത്തുക.
- ഗ്ലോബ് തയ്യാറാക്കുക

**ക്ലാസ്സ് - 7**

- ചരിത്ര പ്രാധാന്യമുള്ള വർഷങ്ങൾ കാണിക്കുന്ന ടൈം ലൈൻ തയ്യാറാക്കുക.
- ഭൂപടത്തിൽ ദിശകൾ അടയാളപ്പെടുത്തുക.
- പസ്സിൽസ് ഉപയോഗിച്ച് കോൺസ്റ്റിറ്റ്യൂഷന്റെ ആർട്ടിക്കിൾ പഠിക്കാൻ സഹായിക്കുക
- സ്വാതന്ത്ര്യ സമര സേനാനികളുടെ ഫോടടോ പതിച്ച ആൽബം തയ്യാറാക്കുക.
- ഫീൽഡ് ട്രിപ്സ്
- ഗ്ലോബ് മേക്കിംഗ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിത ശില്പശാല**<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, കാർഡുകൾ... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അദ്ധ്യാപകൻ | |
| 2. രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകൻ | |
| 3. ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിതക്ലാസ്സ് | ജൂലൈ ആവശ്യാനുസരണം | ഗണിത അദ്ധ്യാപകനും ഗണിതക്ലബ് അംഗങ്ങളും ചേർന്ന് | |
| 4. ഗണിതം മധുരമാക്കൽ | **ഗണിതപാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലാസ്സ് | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യൽ | വർഷത്തിൽ അഞ്ചോ ആറോ തവണ സെപ്റ്റംബർ | ഗണിത അദ്ധ്യാപകർ, ക്ലബ് ലീഡർമാർ | പി.ടി.എ. |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.റ്റി. സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| 7. സാമൂഹിക, സാന്മാർഗ്ഗിക, ശാരീരിക, ചാലക, വൈകാരിക ശേഷികളുടെ വിശകലനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 8. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ യു.പി. ക്ലാസ്സുകളിൽ നിന്നും കണ്ടെത്തി ഗണിത അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങളും കൈത്താങ്ങും നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അദ്ധ്യാപകർ, സമർത്ഥരായ കുട്ടികളും | പി.ടി.എ. |

ജീവിതത്തിനുള്ള തയ്യാറെടുപ്പല്ല വിദ്യാഭ്യാസം.
ജീവിതം തന്നെയാണ് വിദ്യാഭ്യാസം

-ജോൺ ഡ്യൂവി

**മേഖല : അക്കാദമികം, ഉപമേഖല – ഹിന്ദി യു.പി. വിഭാഗം ക്ലാസ്തല പ്രവർത്തനങ്ങൾ – 2025**

| | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | 5<br>6<br>7 | ഹിന്ദി അദ്ധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ, CWSN, Slow Learners കുട്ടികൾക്ക് വേണ്ട അധികപിന്തുണ ഉറപ്പിക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാ പോഷിണി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, Slow Learners കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്ത് കൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാംവാരം | 5<br>6<br>7 | ഹിന്ദി അദ്ധ്യാപകർ, മറ്റ് ഭാഷാ അദ്ധ്യാപകർ | |
| 3 | ഓരോ ക്ലാസിലേയും ദിവസവും ഹിന്ദി വായിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5<br>6<br>7 | ഹിന്ദി അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | CWSN, Slow Learners കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐ.സി.ടി. മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5<br>6<br>7 | ഹിന്ദി അദ്ധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ CWSN, Slow Learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ഡയറിക്കുറിപ്പുകൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5<br>6<br>7 | ഹിന്ദി അദ്ധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട് | 5<br>6<br>7 | ഹിന്ദി അദ്ധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 5<br>6<br>7 | ഹിന്ദി അദ്ധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5<br>6<br>7 | ഹിന്ദി അദ്ധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം, വാർത്തകൾ കാണാനുള്ള അവസരം | ആറ് മാസം | 5<br>6<br>7 | ഹിന്ദി, ക്ലാസ് മറ്റ് അദ്ധ്യാപകർ | |
| 10 | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് എ1 ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിൽ ആക്കുവാനുമുള്ള പ്രവർത്തന പാക്കേജുകൾ | ആറ് മാസം | 5<br>6<br>7 | ഹിന്ദി ടീച്ചർ, ക്ലാസ് മറ്റ് അദ്ധ്യാപകർ | |

## അധിക പിന്തുണ പ്രവർത്തനങ്ങൾ

- അക്ഷരങ്ങൾ കൊടുത്ത് ചിഹ്നമുപയോഗിച്ച് വാക്കുകളിലേക്ക് എത്തിക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| അ | ക | ല | ആ | കാ | ലാ | |
| **अ** | **क** | **ल** | **आ** | **का** | **ला** | **कल, काल** |

- പദസൂര്യന്റെ സഹായത്തോടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- വായനാ കാർഡുകൾ ഉപയോഗിച്ച് വായിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.
- ഐ.സി.റ്റി., വീഡിയോ തുടങ്ങിയവ ഉപയോഗിച്ച് ഭാഷാപഠനം എളുപ്പമാക്കുന്നു.
- CWSN, Slow Learners കുട്ടികൾക്കായി പ്രത്യേകം പസിലുകൾ മുഖാന്തരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം



## അക്കാദമിക മാസ്റ്റർപ്ലാൻ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ➢ പ്രീ-ടെസ്റ്റ്<br>➢ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>➢ ചിത്രം നൽകി കഥപറയൽ, എഴുതൽ | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | ഭാഷാദ്ധ്യാപകർ | എസ്.ആർ.ജി.<br>പി.ടി.എ.<br>എസ്.എസ്.എ.<br>DIET<br>SCERT |
